വൈദ്യുതി സംരക്ഷണം വീടുകളിൽ !!

# കറണ്ട് ബിൽ 30% കുറയ്ക്കാം

**20 % വൈദ്യുതി ലാഭിച്ചാൽ 30 % വൈദ്യുതി ബിൽ കുറയ്ക്കാം**

വൈദ്യുത സംരക്ഷണ മാർഗ്ഗങ്ങൾ നടപ്പിലാക്കിയാൽ ഏറ്റവും കുറഞ്ഞത് 20 ശതമാനമെങ്കിലും വൈദ്യുതി ലാഭിക്കാനാകും, വൈദ്യുതി ഉപയോഗത്തിൽ 20 ശതമാനം കുറവു വന്നാൽ വൈദ്യുത ചാർജ്ജിൽ വരുന്ന കുറവ് 30 ശതമാനത്തോളമാണ്. ഏറ്റവും കുറച്ചു വൈദ്യുതി ഉപയോഗിക്കുന്നവർക്ക് ഏറ്റവും കുറഞ്ഞ താരിഫ് നിരക്കാണ് നിലവിലുള്ളത്. എന്നാൽ കൂടുതൽ വൈദ്യുതി ഉപയോഗിക്കുന്നവർക്കു സ്ലാബുകൾ കഴിയുംതോറും നിരക്കു കൂടി കൂടി വരുന്നതിനാൽ സംരക്ഷിക്കപ്പെടുന്ന വൈദ്യുതി കൂടിയ നിരക്കിലുള്ളവ ആയിരിക്കും.

കേരളത്തിൽ ഏറ്റവും കൂടുതൽ വൈദ്യുതി ഉപയോഗിക്കുന്നത് വീട്ടാവശ്യത്തിനാണ്. വീടുകളിൽ വൈദ്യുതി കാര്യക്ഷമതയോടെ ഉപയോഗിക്കുന്നതിലൂടെ ഏതാണ്ട് 400 മെഗാവാട്ട് വൈദ്യുതി ലാഭിക്കാനാകും. അതിന്റെ ഫലമായി വൈകുന്നേരം 6 മണിമുതൽ രാത്രി 10 മണിവരെ അനുഭവപ്പെടുന്ന വൈദ്യുതി ലഭ്യതക്കുറവ് പരിഹരിക്കാനാകും.

ഊർജ്ജം കാര്യക്ഷമമായി കൈകാര്യം ചെയ്യുന്നതിലൂടെയും ഊർജ്ജക്ഷമതയുള്ള ഗാർഹിക വൈദ്യുത ഉപകരണങ്ങൾ ഉപയോഗിക്കുന്നതിലൂടെയും വൈദ്യുതി എങ്ങനെ ലാഭിക്കാനാകുമെന്ന് വിശദീകരിക്കുകയാണ് ഈ ലഘുലേഖയുടെ ഉദ്ദേശം.

- സാധാരണ ബൾബുകൾക്ക് പകരം നിലവാരമുള്ള സി.എഫ്.ലാമ്പുകളും, ട്യൂബ് ലൈറ്റുകളും ഉപയോഗിക്കുക.
- ഉപയോഗം കഴിഞ്ഞാൽ ഉടൻ തന്നെ ലൈറ്റും ഫാനും ടി.വി.യും മറ്റുപകരണങ്ങളും സ്വിച്ച് ഓഫ് ചെയ്യുക.
- ബൾബുകളും ട്യൂബുകളും ഷെയ്ഡുകളും ഇടയ്ക്കിടെ തുടച്ചു വൃത്തിയാക്കുക വഴി കൂടുതൽ പ്രകാശം ലഭിക്കും
- പ്രകൃതിദത്തമായ വെളിച്ചവും കാറ്റും ലഭിക്കത്തക്ക വിധം ജനാലകൾ തുറന്നിടുക
- രാത്രി കാലങ്ങളിൽ വീടിനു പുറത്തുള്ള ലൈറ്റുകൾ ആവശ്യത്തിനുമാത്രം ഉപയോഗിക്കുക
- വീടിനകത്തെ ചുമരുകളിലും തട്ടുകളിലും ഇളം നിറത്തിലുള്ളതോ വെളുത്തതോ ആയ പെയിന്റുപയോഗിച്ചാൽ മുറിക്കകത്ത് കൂടുതൽ പ്രകാശം ലഭിക്കും


**എനർജി മാനേജ്മെന്റ് സെന്റർ - കേരള**
തൈക്കാട് പി.ഒ., തിരുവനന്തപുരം 695 014
Phone : 0471-2323363,2321820 email : emck@keralaenergy.gov.in web :www.keralaenergy.gov.in


**എനർജി മാനേജ്മെന്റ് സെന്റർ - കേരള** www.keralaenergy.gov.in

**വൈദ്യുതി സംരക്ഷിക്കുന്നത് !**
**ഉത്പ്പാദിപ്പിക്കുന്നതിനേക്കാൾ ലാഭകരം !!**

ഉൽപ്പാദിപ്പിക്കുന്നതു് മുതൽ ഉപയോഗിക്കുന്നിടം വരെയുണ്ടാകുന്ന പ്രസരണ-വിതരണ നഷ്ടവും മറ്റും നോക്കുമ്പോൾ ഏതാണ്ട് 50 ശതമാനത്തോളം വൈദ്യുതി നഷ്ടപ്പെടുന്നു. അതായത് ഒരു യൂണിറ്റു വൈദ്യുതി ഉപഭോക്താവിന്റെ പക്കലെത്തിക്കാൻ കുറഞ്ഞതു് 2 യൂണിറ്റ് വൈദ്യുതി ഉത്പ്പാദിപ്പിക്കേണ്ടതായി വരുന്നു. ഇന്നത്തെ ചിലവു വെച്ചു നോക്കിയാൽ ഒരു മെഗാവാട്ട് വൈദ്യുതി ഉത്പ്പാദിപ്പിക്കാൻ 5 കോടിയോളം രൂപ വേണ്ടി വരുന്നു. പദ്ധതി പൂർത്തിയായി കിട്ടാൻ വേണ്ട നീണ്ട കാത്തിരിപ്പ് വേറെയും. അതിനാൽ ലഭ്യമായ വൈദ്യുതി പരമാവധി കാര്യക്ഷമതയോടെ ഉപയോഗിക്കുകയാണ് ഉപഭോക്താവിന് ഏറെ ലാഭകരം. മേൽ വിവരിച്ച പ്രകാരം 400 MW വിതരണ ശൃംഖലയിൽ ലാഭിക്കുക എന്നതു് 800 MW ഉല്പ്പാദനശേഷി കൈവരിക്കുന്നതു് തുല്യമാണ്, അതായത്, 4000 കോടി രൂപ മുതൽ മുടക്കുന്നതിന് തുല്യമാണു ഇതു്. ഊർജ്ജ സംരക്ഷണം മൂലം പലവിധത്തിലുള്ള പ്രയോജനങ്ങളാണ് ഉണ്ടാകുന്നത്.

ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതിയുടെ 50% ൽ കൂടുതൽ ഗാർഹിക-വാണിജ്യ മേഖലയിലാണ് ഉപയോഗിക്കുന്നത്. തന്മൂലം വൈകുന്നേരം 6 മണിമുതൽ 10 മണിവരെ വളരെയധികം ഊർജ്ജം ഉപയോഗിക്കപ്പെടുന്നു. ഈ സമയത്ത് കൂടുതൽ വൈദ്യുതി ഉപയോഗിക്കുന്ന വെറ്റ് ഗ്രൈൻഡർ, മിക്സി, വാഷിംഗ് മെഷിൻ, ഇസ്തിരിപ്പെട്ടി, ഹോട്ട് പ്ലേറ്റ്, വാട്ടർ ഹീറ്റർ, വാട്ടർ പമ്പ് എന്നിവ ഉപയോഗിക്കാതിരിക്കുക. ഇത്തരം സമയങ്ങളിൽ വോൾട്ടേജ് കുറവായതിനാൽ നിർദ്ദേശിച്ചിരിക്കുന്ന ശക്തിക്കുവേണ്ടി കൂടുതൽ കറണ്ടു എടുക്കുന്നതിനാൽ വൈദ്യുതോപകരണങ്ങൾ പെട്ടെന്ന് കേടാകുവാൻ സാധ്യതയുണ്ട്.

## വൈദ്യുത വെളിച്ചം

മിക്ക വീടുകളിലും വൈദ്യുത ബൾബുകൾ (ഇൻകാൻഡിസന്റ് ലാമ്പുകൾ) ആണ് വെളിച്ചത്തിനായി ഉപയോഗിക്കുന്നത്. എന്നാൽ ഉപയോഗിക്കുന്ന വൈദ്യുതിയുടെ പത്തിലൊന്ന് മുതൽ പതിനഞ്ചിലൊന്ന് ഭാഗം മാത്രമാണ് ഇവ വെളിച്ചമാക്കി മാറ്റുന്നത്. ബാക്കിയുള്ള ഊർജ്ജം മുഴുവനും ചൂടായി നഷ്ടപ്പെടുകയാണ്. എന്നാൽ ട്യൂബുലൈറ്റുകൾക്കും കോംപാക്ട് ഫ്ലൂറസെന്റ് ലാമ്പുകൾക്കും (CFL) തത്തുല്യ പ്രകാശം നൽകുവാനായി ബൾബിനുവേണ്ടിവരുന്ന വൈദ്യുതിയുടെ അഞ്ചിലൊന്ന് മാത്രമെ ആവശ്യമുള്ളു. മാത്രമല്ല. കോംപാക്ട് ഫ്ലൂറസെന്റ് ലാമ്പുകൾ സാധാരണ ബൾബുകളേക്കാൾ പത്തു മടങ്ങ് ഈടുനിൽക്കുകയും ചെയ്യും.

ഊർജ്ജ സംരക്ഷണം ശീലമാക്കൂ ! ഊർജ്ജ ബിൽ കുറയ്ക്കൂ !!




- നിലവിലുള്ള ഒരു 60 വാട്ടിന്റെ ബൾബ് മാറ്റി പകരം 11 വാട്ടിന്റെ സി.എഫ്.എൽ ഉപയോഗിക്കുകയാണെങ്കിൽ അതിന്റെ പ്രവർത്തന കാലാവധിയിൽ (10000 മണിക്കൂർ) 490 യൂണിറ്റ് വൈദ്യുതി ലാഭിക്കാനാകും. അഥവാ യൂണിറ്റിന് 3 രൂപ വച്ച് 1470 രൂപയുടെ വൈദ്യുതി ലാഭം.
- ട്യൂബ്ലൈറ്റുകൾക്ക് നിലവാരമുള്ള ഇലക്ട്രോണിക് ചോക്ക്, 36 വാട്ടിന്റെ സ്ലിം ട്യൂബ് എന്നിവ ഉപയോഗിക്കുകയാണെങ്കിൽ 30 ശതമാനത്തോളം വൈദ്യുതി ലാഭിക്കാനാകും.
- പഠനമുറി, അടുക്കള എന്നിവിടങ്ങളിൽ ആവശ്യമായ സ്ഥലത്തേക്ക് മാത്രമായി പ്രകാശം കേന്ദ്രീകരിച്ചു നൽകുന്ന റിഫ്ളക്ടറോടു കൂടിയ കോംപാക്ട് ഫ്ളൂറസെന്റ് ലാമ്പുകൾ (Task Lights) അടുത്തു സ്ഥാപിച്ചു കൊണ്ടു് വൈദ്യുതി ഉപയോഗം 75 ശതമാനത്തോളം ലാഭിക്കാൻ ആകും. ഒരാൾക്കുമാത്രം പഠിക്കുവാനും ഒരിടത്തു നിന്നുകൊണ്ട് പ്രവർത്തിക്കുവാനും ഒരു മുറി മുഴുവൻ പ്രകാശിപ്പിക്കണ്ട ആവശ്യമില്ലല്ലൊ !
- സീറോ വാട്ട് ബൾബ് എന്ന് മിക്കവരും ധരിച്ചു വച്ചിരിക്കുന്ന കളർ ലാമ്പുകളുടെ യഥാർത്ഥ വാട്ടേജ് 15 മുതൽ 28 വാട്ട് വരെയാണ്. 15 വാട്ടിന്റെ ഒരു കളർ ബൾബ്, ഒരു ദിവസം മുഴുവൻ കത്തിച്ചിടുകയാണെങ്കിൽ രണ്ടുമാസത്തേക്ക് 21.6 യൂണിറ്റ് വൈദ്യുതി ചിലവാകും എന്നാൽ ഇതിനുപകരം ഒരു വാട്ടിന്റെ LED ലാമ്പ് ഉപയോഗിക്കുകയാണെങ്കിൽ വൈദ്യുതി ഉപയോഗം ഒന്നര യൂണിറ്റായി കുറയ്ക്കാനാകും.

**ചുണ്ടക്ക കാൽപ്പണം ! ചുമട്ടുകൂലി മുക്കാൽ പണം !!**

*ഏതു വൈദ്യുത ഉപകരണം വാങ്ങിയാലും നാം അതിന്റെ വില മാത്രമെ ശ്രദ്ധിക്കാറുള്ളു. അവ ഏത്രമാത്രം വൈദ്യുതി ഉപയോഗിക്കുമെന്ന് കണക്കാക്കാറെയില്ല. ഉദാഹരണമായി വീടിനു മുൻവശത്തുള്ള ഒരു 60 വാട്ട് ബൾബ് രാത്രി മുഴുവനും കത്തിച്ചിട്ടാൽ രണ്ടു മാസത്തേക്ക് 43 യൂണിറ്റ് വൈദ്യുതി ചിലവാകും. എന്നാൽ, ബൾബിനു പകരം 11 വാട്ടിന്റെ കോംപാക്ട് ഫ്ളൂറസെന്റ് ലാമ്പ് ഉപയോഗിച്ചാൽ 8 യൂണിറ്റ് വൈദ്യുതി മാത്രമെ ചിലവാകുകയുള്ളു. വൈദ്യുതി ചാർജ്ജിനത്തിൽ 100 രൂപയോളം ലാഭിക്കാനുമാകും. അതിനാൽ വില കുറവാണെങ്കിലും വൈദ്യുത ചാർജ്ജിനത്തിൽ അഞ്ചുമടങ്ങോളം കൂടുതൽ നൽകേണ്ടിവരുന്ന, വൈദ്യുത ബൾബുകൾ ഇനിയും നമ്മൾ ഉപയോഗിക്കേണ്ടതുണ്ടോ എന്നു ചിന്തിക്കുക.*

**ഫാനുകൾ**

- സാധാരണ റഗുലേറ്ററുകൾക്ക് പകരം നിലവാരമുള്ള ഇലക്ട്രോണിക് റെഗുലേറ്ററുകൾ ഉപയോഗിച്ച് ശരാശരി വേഗതയിൽ ഫാൻ പ്രവർത്തിപ്പിയ്ക്കുയാണെങ്കിൽ ഊർജ്ജ ഉപയോഗം പകുതിയോളം കുറയ്ക്കാനാകും.
- കമ്പോളത്തിൽ 42 വാട്ട് മുതൽ 128 വാട്ട് വരെയുള്ള ഫാനുകൾ ലഭ്യമാണ്. ഫാൻ കൂടുതൽ സമയം ഉപയോഗിക്കേണ്ടിവരുന്നതിനാൽ വാട്ടേജ് കൂടിയ ഫാൻ അമിത ഊർജ്ജ ഉപഭോഗത്തിന് കാരണമാവുന്നു.




- കൊതുകിന്റെ ശല്യത്തിൽ നിന്നും രക്ഷനേടാനായി തണുപ്പുകാലത്തുപോലും ഫാൻ ഉപയോഗിക്കേണ്ടി വരുന്നതിനാൽ നാം വളരെയധികം വൈദ്യുതി പാഴാക്കുന്നു. ഒരു ഫാനിന് പ്രതിദിനം എട്ടു മണിക്കൂർ വച്ച് ഒരു മാസം 15 യൂണിറ്റോളം വൈദ്യുതി ഇതിനായി ചിലവാകുന്നു. ഇതിന്റെ വിലയോ ഒരു ഇടത്തരം ഗാർഹിക ഉപഭോക്താവിന് ഇപ്പോഴത്തെ നിരക്കനുസരിച്ച് പ്രതിവർഷം ഉദ്ദേശം 500 രൂപയും
- ഫാനിന് ഭാരം കൂടുന്നതു മൂലം മോട്ടോറിന് അധികം ലോഡ് വരികയും കാര്യക്ഷമത കുറയുകയും ചെയ്യുന്നു. ബെയറിംഗിൽ ശബ്ദം ഉണ്ടെങ്കിൽ ഊർജ്ജ നഷ്ടം ഉണ്ടെന്ന് മനസ്സിലാക്കുക.
- സീലിംഗ് ഫാൻ ഉറപ്പിക്കുമ്പോൾ അവയുടെ ലീഫിന് സീലിംഗുമായി ഒരടിയെങ്കിലും അകലമുണ്ടെന്നു ഉറപ്പു വരുത്തേണ്ടതാണ്. ലീഫുകൾ ശരിയായി ചരിവിലാണ് ഘടിപ്പിച്ചിരിക്കുന്നത് എന്നും നേക്കേണ്ടതാണ്. ഫാൻ ലീഫിന് തറ നിരപ്പിൽ നിന്നും ഉണ്ടായിരിക്കേണ്ട സുരക്ഷിതമായ അകലം 2.4 മീറ്ററാണ്.
- വില കുറഞ്ഞതും വളരെ പഴക്കം ചെന്നതുമായ ഫാനുകൾ വളരെകൂടുതൽ വൈദ്യുതി ഉപയോഗിക്കുന്നതിനാൽ ഭീമമായ വൈദ്യുത ബിൽ നൽകേണ്ടി വരുമെന്ന് താഴെത്തെ പട്ടികയിൽ നിന്നും മനസ്സിലാക്കാം.

| ഫാനിന്റെ ശേഷി | 60 W | 110 W |
|---|---|---|
| ഫാനിന്റെ വില | 1050 രൂപ | 500 രൂപ |
| ദിവസം 10 മണിക്കൂർ വച്ച് 365 ദിവസം ഉപയോഗിക്കുന്ന വൈദ്യുതി (യൂണിറ്റ്) | 219 | 401 |
| യൂണിറ്റിന് 3.00 രൂപ നിരക്കിൽ വൈദ്യുതിയുടെ ഒരു വർഷത്തെ വില | 657 രൂപ | 1203 രൂപ |
| ഒരു ഫാൻ അതിന്റെ പ്രവർത്തനകാലത്തിലെ 15 വർഷം പ്രവർത്തിപ്പിക്കുമ്പോൾ ചിലവാകുന്ന തുക | 9855 രൂപ | 18045 രൂപ |

*മുകളിൽ കൊടുത്തിരിക്കുന്നതിൽ നിന്നും വിലകുറഞ്ഞതും കാര്യക്ഷമത ഇല്ലാത്തതുമായ ഫാൻ ദിവസേന 10 മണിക്കൂർ പ്രവർത്തിപ്പിച്ചാൽ രണ്ടു വർഷം കൊണ്ട് പാഴാക്കിക്കളയുന്ന ഊർജ്ജത്തിന്റെ വിലകൊണ്ട് കാര്യക്ഷമത കൂടിയ ഒരു പുതിയ ഫാൻ വാങ്ങാനാകുമെന്ന് മനസ്സിലായിക്കാണുമല്ലോ.*

## റഫ്രിജറേറ്റർ (ഫ്രിഡ്ജ്)

- ആവശ്യത്തിനുമാത്രം വലിപ്പമുള്ള, നമുക്ക് അനുയോജ്യമായ റഫ്രിജറേറ്റർ തെരഞ്ഞെടുക്കുക.
- ഫ്രോസ്റ്റ്ഫ്രീ റഫ്രിജറേറ്ററുകളുടെ വൈദ്യുതി ഉപഭോഗം താരതമ്യേന കൂടുതലാണ്. അതുകൊണ്ട് ആവശ്യമെങ്കിൽ മാത്രം അത്തരത്തിലുള്ളവ ഉപയോഗിക്കുക.
- റഫ്രിജറേറ്ററിനകം തണുപ്പിക്കുമ്പോൾ ഉണ്ടാകുന്ന ചൂട് കണ്ടൻസർ കോയിലൂടെയാണു് പുറത്തേക്ക് വിടുന്നത് അതിനാൽ റഫ്രിജറേറ്ററിന്റെ പുറകിലും വശങ്ങളിലും ആവശ്യത്തിനു വായു സമ്പർക്കം കിട്ടുന്നതിന് വേണ്ടി ഭിത്തിയുമായി 15 cm എങ്കിലും അകലം കൊടുക്കുകയും കണ്ടൻസർ കോയിലിൽ പറ്റിയിരിക്കുന്ന പൊടി തുടച്ചു വൃത്തിയാക്കുകയും വേണം.
- റഫ്രിജറേറ്ററിന്റെ വാതിൽ ഭദ്രമായി അടഞ്ഞിരിക്കണം. ഇതിനായി വശങ്ങളിലെ റബ്ബർ ബീഡിംഗ് കാലാകാലം പരിശോധിച്ച്, പഴക്കം ചെന്നതാണെങ്കിൽ മാറ്റുക.
- റഫ്രിജറേറ്ററിനകത്തുള്ള ആഹാരസാധനങ്ങൾ തണുപ്പിക്കേണ്ടതനുസരിച്ച് തെർമോസ്റ്റാറ്റ് ക്രമീകരിക്കുകയും, തെർമോസ്റ്റാറ്റ് ശരിയാംവണ്ണം പ്രവർത്തിക്കുന്നു എന്ന് ഉറപ്പ് വരുത്തുകയും വേണം.
- ആഹാരസാധനങ്ങൾ തരം തിരിച്ച് തണുപ്പിക്കേണ്ടതിന്റെ ഏറ്റക്കുറച്ചിൽ അനുസരിച്ച് തട്ടുകളിൽ വയ്ക്കുക.
- റഫ്രിജറേറ്റർ ആവശ്യമുള്ളപ്പോൾ മാത്രം തുറന്ന് സാധനങ്ങൾ എടുക്കുകയോ വയ്ക്കുകയോ ചെയ്യുക. അടിക്കടി തുറക്കുന്നത് വൈദ്യുതി ഉപഭോഗം കൂടുന്നതിന് കാരണമാകും.
- റഫ്രിജറേറ്ററിൽ നിന്ന് എടുക്കുന്ന ആഹാര സാധനങ്ങൾ തണുപ്പ് മാറിയതിനുശേഷം മാത്രം ചൂടാക്കുക.
- ആഹാര സാധനങ്ങൾ അടച്ചു മാത്രം റഫ്രിജറേറ്ററിൽ സൂക്ഷിക്കുക. അല്ലെങ്കിൽ ഈർപ്പം റഫ്രിജറേറ്ററിനകത്ത് വ്യാപിക്കുകയും തന്മൂലം വൈദ്യുതി ഉപഭോഗം കൂടുകയും ചെയ്യും.
- ഭക്ഷണപദാർത്ഥങ്ങൾ ചൂടാറിയതിനുശേഷം മാത്രം റഫ്രിജറേറ്ററിനകത്ത് വെയ്ക്കുക.
- ആവശ്യത്തിൽ കൂടതൽ സാധനങ്ങൾ റഫ്രിജറേറ്ററിനകത്ത് കുത്തിനിറയ്ക്കാതിരിക്കുക.
- ഫ്രീസറിൽ ഐസ് കൂടുതൽ കട്ട പിടിക്കുന്നത് ഊർജ്ജ നഷ്ടം ഉണ്ടാക്കുന്നു.
- ഫ്രീസർ ഇടയ്ക്കിടക്ക് ഡീഫ്രോസ്റ്റു ചെയ്യുക.
- വോൾട്ടേജ് കുറവുള്ള വൈകുന്നേരം 6 മണിമുതൽ 10 മണിവരെയുള്ള സമയങ്ങളിൽ റഫ്രിജറേറ്റർ സ്വിച്ച് ഓഫ് ചെയ്തിടാവുന്നതാണു്. ഇതുമൂലം റഫ്രിജറേറ്ററിന് തകരാറൊന്നുമില്ല.



*ഉപയോഗക്രമമനുസരിച്ച് 165 ലിറ്റർ റഫ്രിജറേറ്ററിന്റെ പ്രതിദിന വൈദ്യുത ഉപയോഗം ഒന്നര യൂണിറ്റുവരെയാണ്.*

## ഇസ്തിരിപ്പെട്ടി

- ഓട്ടോമാറ്റിക് നല്ലത്
- തുണികളെല്ലാം ശരിയാക്കി വെച്ചതിനു ശേഷം ഇസ്തിരിപ്പെട്ടി ഓൺ ചെയ്യുക
- ഇസ്തിരി ഇടുമ്പോൾ മറ്റു ജോലികൾക്ക് പോകാതിരിക്കുക
- ചൂട് കുറഞ്ഞത് ആദ്യവും അവസാനവും
- ആഴ്ചയിൽ ഒരിക്കൽ മാത്രം ഇസ്തിരി ഇടുക.

## മിക്സി

- ആവശ്യാനുസരണം മാത്രം സാധനങ്ങൾ നിറക്കുക
- കൂടുതൽ സാധനങ്ങൾ കുത്തി നിറക്കുന്നതു മൂലം മോട്ടോറിന് അദ്ധ്വാനം, ചൂട് എന്നിവ കൂടുന്നു. തന്മൂലം മോട്ടോറിന്റെ പ്രവർത്തന കാലം കുറയുന്നു
- ഓവർ ലോഡ് റിലേ ഉള്ളത് നല്ലത്

## വാഷിംഗ് മെഷീൻ

- വെള്ളം ചൂടാക്കി ഉപയോഗിക്കുന്ന തരം വാഷിംഗ് മെഷീനുകൾ വൈദ്യുതി കൂടുതൽ ഉപയോഗിക്കുന്നു. ഇവ കേരളത്തിലെ കാലവസ്ഥക്ക് ആവശ്യമുള്ളതല്ല.
- മുമ്പിൽ നിന്നും നിറയ്ക്കുന്ന (front loading) തരമാണ് നല്ലത്, കുറച്ചു വെള്ളം മതി, ഊർജ്ജ ഉപഭോഗവും കുറഞ്ഞിരിക്കും
- നിർദ്ദേശിച്ചിരിക്കുന്ന പൂർണ്ണ ശേഷിയിൽ തന്നെ പ്രവർത്തിപ്പിയ്ക്കുക.
- എന്നുമുള്ള ഉപയോഗം കഴിവതും കുറക്കുക, വൈദ്യുതിയും വെള്ളവും ലാഭിക്കുക.

## വാട്ടർ പമ്പ്

- പമ്പിന്റെ ശേഷി, ആവശ്യത്തിനു മാത്രം ഉള്ളതായിരിക്കണം. ശേഷി കൂടിയ പമ്പുകൾ കൂടുതൽ വൈദ്യുതി ഉപയോഗിക്കുന്നു.
- കിണറിൽ പമ്പിന്റെ സ്ഥാനം, ജല നിരപ്പിൽ നിന്ന് ഏതാണ്ട് 3 മീറ്റർ പൊക്കത്തിൽ കൂടാതിരിക്കാൻ ശ്രദ്ധിക്കണം.
- പൈപ്പിൽ വളവും തിരിവും കഴിയാവുന്നത്ര കുറയ്ക്കുക
- ഫുട്‌വാൾവിന് ധാരാളം സുഷിരം ഉണ്ടായിരിയ്ക്കേണ്ടതാണ്
- ISI മാർക്കുള്ള പമ്പുകൾ മാത്രം ഉപയോഗിക്കുക
- പമ്പ് മോട്ടോർ സുരക്ഷിതമായ രീതിയിൽ എർത്തിംഗ് ചെയ്തിരിക്കണം.

## അന്തരീക്ഷ ഊഷ്മാവ് കുറയ്ക്കുവാൻ ഊർജ്ജ സംരക്ഷണം !!!

കേരളത്തിൽ ഇന്നുപയോഗിക്കുന്ന വൈദ്യുതിയുടെ മൂന്നിൽ രണ്ടുഭാഗം താപനിലയത്തിൽ നിന്നും ഉൽപ്പാദിപ്പിക്കുന്നവയാണ് ഒരോ യൂണിറ്റ് വൈദ്യുതി സംരക്ഷിക്കുമ്പോഴും കല്ക്കരിയുടെ ഉപയോഗം 413 ഗ്രാം കണ്ട് കുറയുകയും അന്തരീക്ഷത്തിലേക്ക് വിടുന്ന കാർബൺ ഡൈ ഓക്സൈഡിന്റെ അളവ് 1.09 കി.ഗ്രാം ഉം, സൽഫർ ഡൈ ഓക്സൈഡിന്റെ അളവ് 16 ഗ്രാം കുറയുകയും ചെയ്യുന്നു അതായത് വൈദ്യുത സംരക്ഷണം വഴി ക്ഷയിച്ചു കൊണ്ടിരിക്കുന്ന ഇന്ധനങ്ങളായ കൽക്കരി, പെട്രോളിയം, പ്രകൃതി വാതകം എന്നിവ കുറേ നാളേക്കുകൂടി ലഭ്യമാക്കാനും അന്തരീക്ഷ ഊഷ്മാവ് കൂടുന്നതിന്റെ നിരക്ക് കുറയ്ക്കുവാനും കഴിയുന്നു.

## വൈദ്യുത ഉപയോഗം എത്ര യൂണിറ്റാണെന്ന് നിങ്ങൾക്കു തന്നെ കണ്ടുപിടിക്കാം !!!

എത്ര യൂണിറ്റ് വൈദ്യുതി ഉപയോഗിച്ചു എന്നു കണ്ടുപിടിക്കാൻ വൈദ്യുതി ഉപകരണങ്ങളുടെ യഥാർത്ഥ വാട്ടേജും അവ ഓരോന്നും എത്ര മണിക്കൂർ വീതം പ്രവർത്തിപ്പിക്കുന്നു എന്നും അറിയുകയേ വേണ്ടൂ. ഒരു ഉപകരണത്തിന്റെ വാട്ടേജിനെ പ്രവർത്തിച്ച മണിക്കൂർ കൊണ്ടു ഗുണിച്ച് ആയിരം കൊണ്ടു് ഹരിച്ചാൽ ആ ഉപകരണം ഉപയോഗിച്ച വൈദ്യുതിയുടെ അളവ് യൂണിറ്റിൽ (kWh) കിട്ടും.

ഉദാഹരണത്തിനായി ഒരു 60 വാട്ട് ഫാൻ 5 മണിക്കൂർ പ്രവർത്തിച്ചാൽ ഉപയോഗിക്കുന്ന വൈദ്യുതി = 60 x 5 / 1000 = 0.3 യൂണിറ്റ്.

ഇതുപോലെ വീടുകളിലെ ഓരോ വൈദ്യുതോപകരണവും ഉപയോഗിക്കുന്ന വൈദ്യുതി കണ്ടുപിടിച്ച് ആകെ എത്ര യൂണിറ്റ് വൈദ്യുതി ഉപയോഗിച്ചു എന്നു കണക്കാക്കാം. നിങ്ങളുടെ വൈദ്യുത മീറ്ററിലെ റീഡിംഗുമായി ഇതു താരതമ്യപ്പെടുത്തി നോക്കുകയുമാവാം.

## 15 W ബൾബാണോ 3000 W വാട്ടർ ഹീറ്ററാണോ കൂടുതൽ വൈദ്യുതി ഉപയോഗിക്കുന്നത് !!!

ഒരാൾക്ക് കുളിക്കാനുള്ള ചൂടുവെള്ളം കിട്ടാനായി 3000 W ഗീസർ 5 മിനിട്ടോളം മാത്രം പ്രവർത്തിപ്പിച്ചാൽ മതി ഇതിനായി ചിലവാകുന്ന വൈദ്യുതി 0.25 യൂണിറ്റാണ്. എന്നാൽ സീറോവാട്ട് എന്ന അറിയപ്പെടുന്ന ഒരു 15 വാട്ട് കളർ ബൾബ് ഒരു ദിവസം പൂർണ്ണമായി കത്തിച്ചിട്ടാൽ ചിലവാകുന്നത് 0.36 യൂണിറ്റാണ് ഇതിൽ നിന്നും എത്ര ശക്തി കൂടിയ ഉപകരണമാണെങ്കിലും ശക്തി കുറഞ്ഞവ ആണെങ്കിലും അവ ഉപയോഗിക്കുന്ന വൈദ്യുതിയുടെ അളവ് തീരുമാനിക്കുന്ന ഘടകം അതിന്റെ വാട്ടേജ് മാത്രമല്ല അതു് പ്രവർത്തിപ്പിക്കുന്ന സമയമാണെന്ന് ബോദ്ധ്യമാണല്ലോ.

## കുടിവെള്ളം പാഴാക്കാതിരിക്കുന്നതുവഴി ഊർജ്ജം ലാഭിക്കാം

വളരെയധികം വൈദ്യുതി ഉപയോഗിച്ചിട്ടാണ് കുടിവെള്ളം നമ്മുടെ പക്കലെത്തിക്കുന്നത്. അതിനാൽ കുടിവെള്ളം പാഴാക്കുന്നത് വൈദ്യുതി പാഴാകുന്നതിന് കാരണമാകുന്നു. മാത്രമല്ല വർഷങ്ങൾ കഴിയുന്തോറും ശുദ്ധജല ലഭ്യത കുറഞ്ഞുവരികയുമാണു്.

**എനർജി മാനേജ്മെന്റ് സെന്റർ - കേരള** www.keralaenergy.gov.in

## സാമൂഹ്യ പ്രതിബദ്ധത

വൈദ്യുതി പരമാവധി കാര്യക്ഷമതയോടെ ഉപയോഗിച്ചാൽ നിങ്ങളുടെ വൈദ്യുത ചിലവ് കുറയുന്നതിനൊപ്പം മറ്റുള്ളവർക്കുകൂടി അത്യാവശ്യത്തിന് വൈദ്യുതി ലഭ്യമാകും.

## ഊർജ്ജക്ഷമത കൂടിയ വൈദ്യുത ഉപകരണങ്ങൾക്കു വേണ്ടി മുതൽ മുടക്കുന്നത് വളരെ ആദായകരം

ഒരു ഉപഭോക്താവ് 200 രൂപ മുടക്കി ഒരു 11 W CFL വാങ്ങി, നിലവിലുള്ള 60 W ബൾബിനു പകരം ഉപയോഗിക്കുകയാണെന്നിരിക്കട്ടെ. ദിവസേന ശരാശരി 4 മണിക്കൂർ ഉപയോഗിച്ചാൽ ഒരു വർഷത്തേക്ക് വൈദ്യുതി ഉപയോഗത്തിൽ 72 യൂണിറ്റിന്റെ കുറവു വരും. യൂണിറ്റിന് 3 രൂപ നിരക്കിൽ വൈദ്യുത ചാർജ്ജിനത്തിൽ 216 രൂപ ലാഭിക്കാനാകും. അതായത് 200 രൂപ മുതൽ മുടക്കിന് ഒരു വർഷത്തെ ആദായം 216 രൂപ.




## ഭാവി തലമുറയോടുള്ള കടം

ഭാവി തലമുറയോടു കടം കൊണ്ടതാണ് നാം ഇന്നു് യഥേഷ്ടം ഉപയോഗിക്കുന്ന ഊർജ്ജ വിഭവങ്ങളേറെയും വരും തലമുറയ്ക്കു കൈമാറാൻ കൂടിയാണ് നമ്മുടെ പൂർവ്വികർ ഈ ഊർജ്ജ ഖനികൾ നമുക്കു നൽകിയിട്ടുള്ളത്. ഈ ഉത്തരവാദിത്വം നാം മറന്നു കൂടാ !!!

*പ്രകൃതി മനുഷ്യന് ആവശ്യമുള്ളതെല്ലാം നൽകിയിട്ടുണ്ട്.*
*എന്നാൽ അവന്റെ അത്യാഗ്രഹത്തിനല്ല*

*മഹാത്മഗാന്ധി*